# ജീവിതശൈലി രോഗ നിർണ്ണയ ക്യാന്പും മെഡിക്കൽ ബോധവൽക്കരണ ക്ലാസ്സും നടത്തി

എറണാകുളം റൂറൽ ജില്ലാ പോലീസിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയുടെ സഹകരണത്തോടെ, 05.12.2017 തീയ്യതി പകൽ 2 മണിക്ക് ആലുവ റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ ഹാളിൽ വച്ച്, പോലീസ് ഉദ്യോഗസ്ഥർക്കായി ജീവിതശൈലി രോഗ നിർണ്ണയ ക്യാന്പും മെഡിക്കൽ ബോധവൽക്കരണ ക്ലാസ്സും നടത്തി.

ആലുവ റൂറൽ ജില്ലാ പോലീസ് ചീഫ് ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ് ബോധവൽക്കരണ ക്ലാസ്സ് ഉൽഘാടനം ചെയ്തു. ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിലെ ഗ്യാസ്ട്രോ സർജൽ ഡോക്ടർ. പ്രസാദ് കൃഷ്ണൻ, എന്റോക്രോണോളജിസ്റ്റ് ഡോക്ടർ. നിബു ഡൊമനിക് എന്നിവർ ബോധവൽക്കരണ ക്ലാസ്സും നയിച്ചു. ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി ശ്രീ. രവീന്ദ്രൻ വി.ജി. ചടങ്ങിൽ ആശംസ പറഞ്ഞു.

ആലുവ റൂറൽ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയും മറ്റ് ഓഫീസുകളിലേയും പോലീസ് ഉദ്യോഗസ്ഥരും റൂറൽ ജില്ലാ പോലീസ് ഓഫീസ് ജീവനക്കാർ അടക്കം 300 ഓളം പേർ മെഡിക്കൽ ക്യാന്പിൽ പങ്കെടുത്തു.










Centres of
cellence
AsterMedcity

